(സി) ഇതു സംബന്ധിച്ച് ആക്ഷൻ കൗൺസിൽ പരാതി നൽകിയിരുന്നുവോ ; ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) സ്കൂളിലെ മാനേജർ ആരാണ് ; ഇവർക്കെതിരെ അനീഷ് മാഷിന്റെ കുടുംബത്തിൽ നിന്നോ മറ്റാരിൽ നിന്നെങ്കിലുമോ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്കൂളിലെ എഫ്.റ്റി.എം. ശ്രീ മുഹമ്മദ് അഷ്റഫിനെ അടിച്ച് പരിക്കേൽപ്പിച്ചു എന്ന പരാതിയിന്മേൽ.

(ബി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗത്തിനുവേണ്ടി പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിൽ 18-11-2014-ൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ആക്ഷൻ കൗൺസിലിന്റെ പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയെപ്പറ്റിയും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷിക്കുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ശ്രീ. വി. പി. സൈതലവി, അനീഷ് മാസ്റ്ററുടെ പിതാവ് ശ്രീ. കെ. കെ. കമാരൻ, അദ്ധ്യാപക സംഘടനകൾ, ആക്ഷൻ കൗൺസിൽ എന്നിവരിൽനിന്നും പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ 18-11-2014-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ഹയർസെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി

41(2949) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത് ; എന്ന് മുതൽ നിയമനം നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ&ബി) ഉണ്ട്. ഹയർസെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly